بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 25.01.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

25.01.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

## തിരുനബി(സ)യുടെ മഹനീയ സ്ഥാനികളായ ബദരീ സഹാബാക്കളുടെ വിശ്വാസം തുളുമ്പുന്ന സംഭവങ്ങളുടെ ഹൃദ്യവും മനോഹരവുമായ വിവരണം.

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَ اَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ۔ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۔

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۙ﴿۱﴾ الرَّحۡمٰنِ الرَّحِیۡمِ ۙ﴿۲﴾ مٰلِکِ یَوۡمِ الدِّیۡنِ ؕ﴿۳﴾ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ؕ﴿۴﴾

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۙ﴿۵﴾ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ ﴿۷﴾

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായി:

ഇന്ന് ഞാൻ വിവരിക്കുന്ന ബദരീ സഹാബാക്കളിൽ ആദ്യത്തെ നാമം, ഹദ്റത്ത് തുഫൈൽ ബിൻ ഹാരിസിന്റെതാണ്. ഹദ്റത്ത് തുഫൈൽ ബിൻ ഹാരിസ് തന്റെ സഹോദരന്മാരായ ഹദ്റത്ത് ഉബൈദ, ഹുസൈൻ എന്നിവരോടൊപ്പം ബദർ യുദ്ധത്തിൽ പങ്കെടുത്തു. അതുപോലെ ഉഹദ്, ഖന്തഖ് ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും റസൂലുല്ലാ(സ)യോടൊപ്പം പങ്കെടുക്കുവാനും അദ്ദേഹത്തിന് ഭാഗ്യം സിദ്ധിച്ചു. അദ്ദേഹം ഹിജ്റി 32ന് എഴുപതാമത്തെ വയസ്സിൽ വഫാത്തായി.

രണ്ടാമത്തെ സഹാബി, ഹദ്റത്ത് സുലൈം ബിൻ അംറ് അൻസാരിയാണ്. അദ്ദേഹം അഖബയിൽ വച്ച് എഴുപതാളുകളോടൊപ്പം ബയ്അത്ത് ചെയ്തു. ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹദ് യുദ്ധത്തിൽ അദ്ദേഹം ശഹാദത്ത് വരിച്ചു.

ഇനി വിവരിക്കന്നത് ഹദ്റത്ത് സുലൈം ബിൻ ഹാരിസ് അൻസാരിയെക്കുറിച്ചാണ്. അദ്ദേഹം ബദർ യുദ്ധത്തിൽ പങ്കെടുത്തു. ഉഹദ് യുദ്ധത്തിൽ ശഹാദത്തിന്റെ സ്ഥാനം കരസ്ഥമാക്കി.

അടുത്തത് ഹദ്റത്ത് സുലൈം ബിൻ മൽഹാൻ അൻസാരിയാണ്. അദ്ദേഹത്തിന്റെ മാതാവ് മലീക ബിൻത് മാലിക് ആയിരുന്നു. ഹദ്റത്ത് അനസ് ബിൻ മാലിക്കിന്റെ മാതൃസഹോദരനായ അദ്ദേഹം ഹദ്റത്ത് ഉമ്മെ ഹറാം, ഹദ്റത്ത് ഉമ്മെ സുലൈം എന്നിവരുടെ സഹോദരനായിരുന്നു. ഹദ്റത്ത് ഉമ്മെ ഹറാം ഹദ്റത്ത് ഉബാദ ബിൻ സാമിത്തിന്റെ പത്നിയായിരുന്നു. അതുപോലെ ഹദ്റത്ത് ഉമ്മെ സുലൈം ഹദ്റത്ത് അബൂ തൽഹ അൻസാരിയുടെ പത്നിയുമായിരുന്നു. അവരുടെ മകൻ ഹദ്റത്ത് അനസ് ബിൻ മാലിക്ക് തിരുനബി(സ)യുടെ സേവകനായിരുന്നു. അദ്ദേഹം (ഹദ്റത്ത് സുലൈം) ബദർ, ഉഹദ് എന്നീ യുദ്ധങ്ങളിൽ തന്റെ സഹോദരൻ ഹദ്റത്ത് ഹറാം ബിൻ മൽഹാനോടൊപ്പം പങ്കെടുത്തു. ഇവർ രണ്ട് പേരും ബിഅ്റെ മഊനയിൽ ശഹീദാക്കപ്പെട്ടു. ശത്രുക്കളുടെ അംഗബലംഅധികമായിരുന്നു. അവിടെ വച്ചുണ്ടായയുദ്ധത്തിൽ റസൂലുല്ലാ(സ)യുടെ സഹാബാക്കളെ ശഹീദാക്കുകയുണ്ടായി. ശത്രുക്കൾ ഹദ്റത്ത് സുലൈം ബിൻ മൽഹാനെയും ഹകം ബിൻ കസാനെയും വളഞ്ഞപ്പോൾ, അവർ പറഞ്ഞു: അല്ലാഹുവേ! നിന്നെയല്ലാതെ മറ്റാരെയും ഞങ്ങളുടെ സലാം നിന്റെ റസൂലിലേക്ക് എത്തിക്കുന്നതിനായി കാണുന്നില്ല.അതിനാൽ നീ ഞങ്ങളുടെ സലാം എത്തിച്ചാലും. റസൂലുല്ലാ(സ)ക്ക് ജിബ്രീൽ ഈ വിവരം എത്തിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, വ അലൈയ്ഹിമുസ്സലാം അവരുടെ മേൽ സമാധാനം ഉണ്ടാകട്ടെ.

ഹുസൂർ തിരുമനസ്സ് പറയുന്നു, അടുത്ത വിവരണം ഹദ്റത്ത് സുലൈം ബിൻ ഖയ്സ് അൻസാരിയെ കുറിച്ചാണ്. ഹദ്റത്ത് ഹംസയുടെ ഭാര്യയായിരുന്നഹദ്റത്ത് ഖൗല ബിൻത് ഖയ്സിന്റെ സഹോദരനായിരുന്നു. ഹദ്റത്ത് സുലൈം ബിൻ ഖയ്സ് ബദർ, ഉഹദ്, ഖന്തഖ് ഉൾപ്പടെ എല്ലാ യുദ്ധങ്ങളിലും റസൂലുല്ലാ(സ)യോടൊപ്പം പങ്കെടുത്തു. അദ്ദേഹം ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ വഫാത്തായി.

മറ്റൊരു സഹാബി ഹദ്റത്ത് സാബിത്ത് ബിൻ സഅലബയാണ്. രണ്ടാം അഖബ ബയ്അത്തിൽ പങ്കെടുത്ത എഴുപത് സഹാബാക്കളിൽ ഹദ്റത്ത് സാബിത്തും ഉൾപ്പെടുന്നു. ബദർ, ഉഹദ്, ഖന്തഖ്, ഖയ്ബർയുദ്ധങ്ങളിലും ഹുദൈബിയ സന്ധി, മക്കാവിജയം, തായിഫ് പോരാട്ടം എന്നീ യുദ്ധങ്ങളിലും പങ്കെടുത്തു. അദ്ദേഹം തായിഫ് യുദ്ധ ദിവസം ശഹാദത്ത് പദവി വരിച്ചു.

അടുത്തത് ഹദ്റത്ത് സിമാക് ബിൻ സഅദ് ആണ്. ബദർ യുദ്ധത്തിൽ സ്വസഹോദരൻ ഹദ്റത്ത് ബശീറിനോടൊപ്പം പങ്കെടുത്തു. ഉഹദിലും പങ്കെടുത്തിരുന്നു. ഖസ്റജ് ഗോത്രവുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം.

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് ബിൻ റിയാബാണ് മറ്റൊരു സഹാബി. മക്കയിൽ വച്ച് ആദ്യമായി ഇസ്‌ലാം സ്വീകരിച്ച ആറ് അൻസാറുകളിൽ ഇദ്ദേഹവും ഉൾപെടുന്നു. ഹദ്റത്ത് ജാബിർ ബദർ, ഉഹദ്, ഖന്തഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും റസൂലുല്ലാ(സ)യോടൊപ്പം പങ്കു ചേർന്നു. ഒന്നാം അഖബ ബയ്അത്തിന് മുമ്പ് മക്കയിൽ വച്ച് അൻസാറുകളിൽപെട്ട ആറ് സഹാബാക്കൾ റസൂലുല്ലാ(സ)യുമായി കൂടിക്കാഴ്ച നടത്തി. അവരിൽ ഇദ്ദേഹവും ഉണ്ടായിരുന്നു. അവർ ഇവരൊക്കെയാണ്: സഅദ് ബിൻ സറാറ, ഔഫ് ബിൻ ഹാരിഥ്, റാഫിഅ് ബിൻ മാലിക് ബിൻ അജ്‌ലാൻ, ഖുത്ബ ബിൻ ആമിർ ബിൻ ഹദീദ, ഉഖ്ബ ബിൻ ആമിർ ബിൻ നാബി, ജാബിർ ബിൻ അബ്ദുല്ലാഹ് ബിൻ റിയാബ്. അവർ എല്ലാവരും മുസ്‌ലിങ്ങളായി. തിരുനബി(സ)യോട്

വിട ചൊല്ലുന്ന അവസരത്തിൽ അവർ പറഞ്ഞു: ആഭ്യന്തര യുദ്ധങ്ങൾ കാരണമായി ഞങ്ങൾക്ക് ശക്തിക്ഷയം ഉണ്ടായിരിക്കുന്നു. ഞങ്ങൾക്കിടയിൽ വളരെയധികം ഭിന്നിപ്പുണ്ടാക്കിയിരിക്കുന്നു. ഞങ്ങൾ യഥ്‌രബിൽ (മദീനയിൽ) ചെന്ന് ഞങ്ങളുടെ സഹോദരങ്ങളെ തബ്‌ലീഗ് ചെയ്യുന്നതാണ്. അല്ലാഹു താങ്കളുടെ ഈ സന്ദേശവും ഞങ്ങളുടെ പ്രബോധനവും മുഖേന ഞങ്ങളിൽ വീണ്ടും ഐക്യമുണ്ടാക്കിയെന്ന് വരാം. അങ്ങനെ ഞങ്ങൾ വീണ്ടും ഒരുമിച്ചാൽ എല്ലാവിധത്തിലും താങ്കളുടെ സഹായത്തിനായി ഉണ്ടാകുന്നതാണ്.

ഹദ്റത്ത് മുൻസിർ ബിൻ അംറ് ബിൻ ഖുനയ്സ് എന്ന സഹാബിയെ കുറിച്ചാണ് ഇനി വിവരിക്കാൻ ഉള്ളത്. അദ്ദേഹം മുഅ്നിഖ് ലിൽ മൗത്ത് (معنق للموت) അതായത് മരണത്തെ വാരിപ്പുണരുന്നവൻ എന്നാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന് ഖസ്റജ് ഗോത്രത്തിലെ കുടുംബമായ ബനൂ സാഅദായുമായാണ് ബന്ധം. അഖബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. തിരുനബി(സ) ഹദ്റത്ത് മുൻദിർ ബിൻ അംറിനെയും ഹദ്റത്ത് സഅദ് ബിൻ ഉബാദയെയും അവരുടെ ഗോത്രമായ ബനൂ സാഅദയുടെ നഖീബ് അഥവാ നേതാക്കളായി നിയമിച്ചു. അല്ലെങ്കിൽ മേൽനോട്ടക്കാരാക്കി. ജാഹിലിയ്യ കാലഘട്ടത്തിലും ഹദ്റത്ത് മുൻസിറിന് എഴുത്തും വായനും അറിയാമായിരുന്നു. ഹദ്റത്ത് മുൻസിർ ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. സൂഫി പ്രകൃതനായ അദ്ദേഹം, ബിഅ്റെ മഊനയിൽ വച്ച് ശഹീദാക്കപ്പെട്ടു.

ചരിത്രത്തിൽ ഇപ്രകാരം വരുന്നു, ഹദ്റത്ത് ജിബ്‌രീൽ(അ) ബിഅ്റെ മഊനയിലെ ശുഹദാക്കളെ കുറിച്ചുള്ള വാർത്ത അറിയിച്ചപ്പോൾ തിരുനബി(സ) മുൻദിർ ബിൻ അംറിനെ കുറിച്ച് പറഞ്ഞു, ആനിഖുല്ലിൽ മൗത്ത്(عانق للموت) അതായത് അദ്ദേഹത്തിന് ശഹാദത്ത് സംഭവിക്കാൻ പോകുന്ന വിവരം അറിയാമായിരുന്നിട്ടും തന്റെ സുഹൃത്തുക്കളെ പോലെ അവിടെ തന്നെ പോരാടി അദ്ദേഹം ശഹാദത്ത് സ്വീകരിച്ചു. നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങൾ നിങ്ങൾക്ക് അഭയം നല്കാം എന്ന് ഹദ്റത്ത് മുൻദിർ ബിൻ അംറിനോട് ശത്രുക്കൾ പറഞ്ഞിരുന്നു. എന്നാൽ അദ്ദേഹം അവരുടെ അഭയം സ്വീകരിക്കുന്നത് നിരാകരിക്കുകയാണ് ഉണ്ടായത്.

ഹദ്റത്ത് മഅ്ബദ് ബിൻ ഇബാദ് ആണ് അടുത്തത്. അദ്ദേഹത്തിനെ അബൂ ഹുമയ്സ എന്നും വിളിച്ചിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഇബാദ് ബിൻ ഖുശയ്ർ ആണ്. അദ്ദേഹത്തിന്റെ ബന്ധം ഖസ്റജ് ഗോത്രത്തിന്റെ ശാഖയായ ബനൂ സാലം ബിൻ ഗനം ബിൻ ഔഫുമായിട്ടാണ്. ബദർ, ഉഹദ് യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തു.

ഹദ്റത്ത് അബി ബിൻ അബി സഅ്ബാ അൻസാരിയെ കുറിച്ചാണ് ഇനി പറയുന്നത് . അദ്ദേഹത്തിന്റെ പിതാവ്, സിനാൻ ബിൻ സബീഹ് ആയിരുന്നു. അദ്ദേഹം ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിലാണ് വഫാത്തായത്. അദ്ദേഹം അൻസാർ ഗോത്രമായ ജുഹയ്നക്കാരനായിരുന്നു. അദ്ദേഹം ബദർ, ഉഹദ്, ഖന്തഖ് ഉൾപ്പടെയുള്ള എല്ലാ യുദ്ധങ്ങളിലും തിരുനബി(സ)യോടൊപ്പം പങ്കെടുത്തു. റസൂലുല്ലാഹ്(സ) അദ്ദേഹത്തെ ബദർ യുദ്ധാവസരത്തിൽ ഹദ്റത്ത് ബസ്ബസ് ബിൻ അമറിനോടൊപ്പം വിവരങ്ങൾ ശേഖരിക്കുന്നതിനായി അബൂസുഫിയാന്റെ സംഘത്തിന്റെ അരികിലേയ്ക്ക് അയച്ചിരുന്നു.

ഇനി അടുത്ത സഹാബി, ഹദ്റത്ത് റബീഅ് ബിൻ ഇയാസാണ്. അദ്ദേഹം അൻസാർ ഗോത്രമായ ഖസ്റജിന്റെ ശാഖബനൂ ലൗസാനിൽ പെട്ട വ്യക്തിയാണ്. ബദർ യുദ്ധത്തിൽ തന്റെ സഹോദരന്മാരായ വർഖ ബിൻ ഇയാസ്, അംറ് ബിൻ ഇയാസ് എന്നിവരോടൊപ്പം പങ്കെടുത്തു. ഉഹദ് യുദ്ധത്തിലും അദ്ദേഹം ഭാഗഭാക്കായിരുന്നു.

അടുത്ത സഹാബിയാണ് ഹദ്റത്ത് ഉമൈർ ബിൻ ആമിർ അൻസാരി. അദ്ദേഹത്തിന്റെ വിളിപ്പേര് അബൂദാവൂദ് എന്നായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ആമിർ ബിൻ മാലിക് എന്നായിരുന്നു. തിരുനബി(സ)യോടൊപ്പം ബദർ, ഉഹദ് യുദ്ധങ്ങളിലുണ്ടായിരുന്നു.

ഹദ്റത്ത് സഅദ് ബിൻ ഖൗലിയെ കുറിച്ചാണ് അടുത്ത പരാമർശം. അദ്ദേഹത്തിന്റെ ബന്ധം ബനൂ കല്ബുമായിട്ടായിരുന്നു. അദ്ദേഹം ഹദ്റത്ത് ഹാതിബ് ബിൻ അബീ ബൽത'അ മോചിപ്പിച്ച അടിമയായിരുന്നു. ഹദ്റത്ത് ഹാതിബ് ബിൻ അബീ ബൽത'അ, ഇദ്ദേഹത്തോട് വളരെ മമതയോടും അനുകമ്പയോടും കൂടി പെരുമാറിയിരുന്നു. അദ്ദേഹം ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കു ചേർന്നിരുന്നു. ഉഹദ് യുദ്ധത്തിൽ അദ്ദേഹം ശഹീദായി. ഹദ്റത്ത് ഉമർ ഹദ്റത്ത് സഅദിന്റെ മകൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സഅദിയ്ക്ക് അൻസാറുകളോടൊപ്പം സ്റ്റൈപ്പെന്റ് നിർണയിച്ചിരുന്നു.

ഹദ്റത്ത് അബൂ സിനാൻ ബിൻ മിഹ്സനാണ് അടുത്തത്. അദ്ദേഹത്തിന്റെ പിതാവ് മിഹ്സൻ ബിൻ ഹിർസാൻ ആയിരുന്നു. ഹദ്റത്ത് അബൂ സിനാൻ ബിൻ മിഹ്സൻ ഹദ്റത്ത് ഉക്കാശ ബിൻ മിഹ്സന്റെ സഹോദരനായിരുന്നു. ബദർ, ഉഹദ്, ഖന്തഖ് യുദ്ധങ്ങളിൽ പങ്കെടുത്തു. ബയ്അത്ത് റിസ്വാനിലും ഉൾപ്പെട്ടിരുന്നു. തിരുനബി(സ) ബനൂ ഖുറയ്സയെ വളഞ്ഞ് ഉപരോധിച്ച സമയത്താണ് ഹദ്റത്ത് അബൂസിനാൻ ബിൻ മിഹ്സന്റെ വഫാത്ത് സംഭവിക്കുന്നത്. തിരുനബി(സ) അദ്ദേഹത്തെ ബനൂ ഖുറയ്സായുടെ ഖബർസ്ഥാനിൽ മറവ് ചെയ്തു.

അടുത്തതായി ഹദ്റത്ത് ഖയ്സ് ബിൻ അസ്സകൻ അൻസാരിയാണ്. ഹദ്റത്ത് ഖയ്സിന്റെ പിതാവിന്റെ പേര് സകൻ എന്നായിരുന്നു. അദ്ദേഹം ബദർ, ഉഹദ്, ഖന്തഖ്, ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും റസൂലുല്ലാ(സ)യോടൊപ്പം പങ്കെടുത്തിരുന്നു. തിരുനബി(സ)യുടെ കാലത്ത് വിശുദ്ധ ഖുർആൻ സമാഹരിച്ച സഹാബാക്കളിൽ ഇദ്ദേഹവും ഉൾപ്പെടുന്നു. ഹദ്റത്ത് ഖയ്സ് ജസർ ദിനത്തിന്റെ അവസരത്തിലാണ് ശഹാദത്ത് വരിച്ചത്. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഇറാനികളുമായി യുദ്ധം നടന്നുകൊണ്ടിരിക്കെ യൂഫ്രട്ടീസ് നദിയുടെ മുകളിൽ ഒരു പാലം തയ്യാറാക്കിയിരുന്നു. അക്കാരണത്താൽ ആ പോരാട്ടത്തെ ജസർദിനം എന്ന് വിളിക്കപ്പെടുന്നു.

മറ്റൊരു സഹാബിയാണ് അബുൽ യസർ കഅബ് ബിൻ അമർ. അദ്ദേഹത്തിന്റെ പിതാവ് അമർ ബിൻ അബാദ്, മാതാവ് നസീബ ബിൻത് അസ്ഹർ. അവർ ബനൂ സലമ ഗോത്രത്തിൽ നിന്നുള്ളവരാണ്. അബുൽ യസർ അഖബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. ബദർ പോലുള്ള മറ്റ് യുദ്ധങ്ങളി

ലും ഭാഗഭാക്കാകുകയുണ്ടായി. സഫീൻ യുദ്ധത്തിലും ഹദ്റത്ത് അലിയോടൊപ്പം പങ്കുകൊണ്ടു. ബദർ യുദ്ധാവസരത്തിൽ വളരെ മെലിഞ്ഞ ശരീരമുള്ള അദ്ദേഹം തടിച്ച ശക്തനായ ഹദ്റത്ത് അബ്ബാസിനെ തടവിലാക്കി. അതിനെ സംബന്ധിച്ച് തിരുനബി(സ) അദ്ദേഹത്തോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, ഒരു തീർത്തും അപരിചിതനായ വ്യക്തി എന്നെ സഹായിക്കുകയുണ്ടായി. അപ്പോൾ തിരുനബി(സ) അദ്ദേഹത്തോട് പറഞ്ഞു, തീർച്ചയായും ഇക്കാര്യത്തിൽ ഒരു ആദരണീയനായ മലക്കാണ് നിന്നെ സഹായിച്ചത്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു, ഉബാദ ബിൻ വലീദ് നിവേദനം ചെയ്യുന്നു; ഒരിക്കൽ ഞങ്ങൾ തിരുനബി(സ)യുടെ സഹാബി അബുൽ യസറിനെ കണ്ടുമുട്ടി. ആ സമയം അദ്ദേഹത്തിന്റെ അടിമയും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ഞങ്ങൾ കണ്ടു, ഒരു വരയൻ വസ്ത്രവും ഒരു യമനി വസ്ത്രവും അദ്ദേഹം ധരിച്ചിട്ടുണ്ടായിരുന്നു. അതുപോലെ തന്നെയുള്ള ഒരു വരയൻ വസ്ത്രവും ഒരു യമനി വസ്ത്രവും അദ്ദേഹത്തിന്റെ അടിമയും ധരിച്ചിരുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു: അല്ലയോ പിതൃവ്യാ! നിങ്ങൾ എന്ത് കൊണ്ട് അടിമയുടെ വരയൻ വസ്ത്രം കൈയിൽ വയ്ക്കുകയും നിങ്ങളുടെ വസ്ത്രം അയാൾക്ക് നൽകുകയും ചെയ്തില്ല. അല്ലെങ്കിൽ അയാളുടെ യമനി വസ്ത്രം സ്വയം എടുക്കുകയും വരയൻ വസ്ത്രം അയാൾക്ക് നൽകുകയും ചെയ്തില്ല. അങ്ങനെയായാൽ രണ്ട് പേരുടെയും ദേഹത്തുള്ള രണ്ട് വസ്ത്രങ്ങളും ഒരേപോലെയുള്ളതാകുമല്ലോ? ഹദ്റത്ത് അബുൽ യസർ പറഞ്ഞു, റസൂലുല്ലാഹ്(സ) പറഞ്ഞിട്ടുള്ളത്. നീ കഴിക്കുന്ന ഭക്ഷണം തന്നെ നിന്റെ അടിമയ്ക്കും നല്കുകകയും നീ ധരിക്കുന്ന വസ്ത്രം തന്നെ നിന്റെ അടിമയെയും ധരിപ്പിക്കുകയും ചെയ്യാനാണ്. അതുകൊണ്ട് ഞാൻ അന്ത്യനാളിൽ എന്റെ പ്രതിഫലത്തിൽ കുറവ് സംഭവിക്കാതിരിക്കാൻ ഭൗതിക സമ്പത്തിൽ നിന്ന് എന്റെ അടിമയ്ക്ക് തുല്യഭാഗം നൽകുന്നതിനെ ഞാൻ വളരെയധികം ഇഷ്ടപ്പെടുന്നു.

ഹദ്റത്ത് അബുൽ യസർ നിവേദനം ചെയ്യുന്നു, ബനൂ ഹറാമിലെ ഒരു വ്യക്തി എനിക്ക് കടം തിരിച്ച് നൽകാനുണ്ടായിരുന്നു. ഒരു ദിവസം ഞാൻ അയാളുടെ അടുത്ത് പോയി. അയാൾ എന്റെ ശബ്ദം കേട്ടതും മറഞ്ഞിരുന്നു. ഞാൻ അയാളെ വിളിച്ചു കൊണ്ട് പറഞ്ഞു,പുറത്ത് വരിക, നീ എവിടെയാണെന്ന് എനിക്കറിയാം. അങ്ങനെ അയാൾ പുറത്ത് വന്നു. അയാൾ പറഞ്ഞു, അല്ലാഹുവാണ, കളവ് പറയുന്നതിനെയും പൊയ്‌വാഗ്ദാനം ചെയ്യുന്നതിനെയും ഞാൻ ഭയക്കുന്നു. ഞാൻ അയാളോട് ചോദിച്ചു, നീ ശരിക്കും അല്ലാഹുവിൽ സത്യം ചെയ്ത് കൊണ്ടാണോ ഇത് പറയുന്നത്? അയാൾ അതെയെന്നു പറഞ്ഞയുടൻ ഞാൻ കടം തിരിച്ച് നൽകാനുള്ള കരാർ ലിഖിതം മായിച്ചിട്ട് പറഞ്ഞു, തിരുനബി(സ) പറയുകയുണ്ടായി, ഞെരുക്കത്തിൽ കഴിയുന്നവന് അവധി നൽകുകയോ, അവന്റെ എല്ലാ സാമ്പത്തിക ബാധ്യതയും വീട്ടുകയോ ചെയ്യുന്ന വ്യക്തിക്ക് അല്ലാഹു ശീതളഛായ നൽകുന്നതാണ്. അതുകൊണ്ട് ഞാൻ നിന്റെ ഭാരം ഇല്ലാതാക്കിയിരിക്കുന്നു. കാരണം ഞാൻ അല്ലാഹുവിന്റെ തണൽ തേടുന്നു. ദൈവഭയഭക്തിയുടെ ഉദാഹരണമാണിത്.

ഹദ്റത്ത് അബുൽ യസർ ഹദീഥ് വിവരിക്കുന്നതിൽ വളരെ ജാഗ്രത പുലർത്തിയിരുന്നു. ഹദീഥ് വിവരിക്കുമ്പോൾ അദ്ദേഹം തന്റെ കണ്ണുകളിലും ചെവികളിലും തൊട്ട് കൊണ്ട് ഇപ്രകാരം പറയുമായിരുന്നു, ഈ നേത്രങ്ങൾ ആസംഭവം ദർശിക്കുകയും ഈ കാതുകൾ തിരുനബി(സ) പറയുന്നത് ശ്രവിക്കുകയും ചെയ്തിട്ടിട്ടുണ്ട്. അദ്ദേഹം ഹദ്റത്ത് അമീർ മുആവിയായുടെ കാലഘട്ടത്തിൽ ഹിജ്‌രി 55ന് വഫാത്തായി.

ഹുസൂർ തിരുമനസ്സ് പറയുന്നു, ഈ ആളുകൾ അനിതരസാധാരണമാംവിധം മഹത്വമുള്ളവരായിരുന്നു. അവർ അല്ലാഹുവിനോട് എപ്രകാരമാണ് ആത്മാർത്ഥത കാണിക്കേണ്ടതെന്ന് നമ്മെ പഠിപ്പിച്ചു. അല്ലാഹുവിനോടുണ്ടാകേണ്ട ഭയഭക്തി മാർഗങ്ങൾ നമുക്ക് മനസ്സിലാക്കി തന്നു. തിരുനബി(സ)യുടെ വചസ്സുകൾ ഹൃദയാത്മനാ ഉൾകൊണ്ട് പൂർണമായും അനുസരിക്കേണ്ട രീതികളും നമ്മളെ പഠിപ്പിച്ചിരിക്കുന്നു. അല്ലാഹു അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُہٗ وَ نَسْتَعِيْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَكَّلُ
عَلَيْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ يُّضْلِلْہُ فَلَا ھَادِيَ لَہٗ - وَنَشْھَدُ اَنْ لَّا
اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَكُمُ
اللّٰہُ اِنَّ اللّٰہَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْھٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰہَ يَذْكُرْكُمْ وَ ادْعُوْہُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰہِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 25.01.2019
Malayalam Translation : **Hashim Ashraf,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516